1. മൈക്രോസോഫ്റ്റ്
2. ഒറക്കിൾ കോർപ്പറേഷൻ
3. ഐ.ബി.എം.
4. റെഡ്ഹാറ്റ് ലിനക്സ്
5. കാൾഡിറ ലിനക്സ്

ഇതിൽനിന്നും സാങ്കേതിക മികവ്, താരതമ്യേന കുറഞ്ഞ സാമ്പത്തിക ബാദ്ധ്യത, ടെക്നിക്കൽ സപ്പോർട്ട് തുടങ്ങിയവ പരിഗണിച്ച് മൈക്രോസോഫ്റ്റിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റവും ഡേറ്റാബേസ് സോഫ്റ്റ് വെയറും തെരഞ്ഞെടുത്തു. മേല്പറഞ്ഞ ഓഫറിൽ ലിനക്സ് ഫ്രീ സോഫ്റ്റ് വെയർ സ്ഥാപനങ്ങളായ റെഡ്ഹാറ്റ് ലിനക്സും കാൾഡിറ ലിനക്സും സമർപ്പിച്ച നിരക്കുകൾ മറ്റു ഓഫറുകളുമായി താരതമ്യം ചെയ്യുമ്പോൾ ബോർഡിനു താരതമ്യേന ഉയർന്ന സാമ്പത്തിക ബാദ്ധ്യത ഉളവാക്കുന്നതായി കണ്ടതി നാലാണ് ഇവയെ ഒഴിവാക്കിയത്.

(ഇ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുന്ന ഒരു ഔദ്യോഗിക വിശദീകരണം പത്രദ്വാര പ്രസിദ്ധീകരിച്ചിരുന്നു. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) †

(എഫ്) ഇല്ല.

(ജി) വൈദ്യുതി ബോർഡിൽ നടക്കുന്ന കമ്പ്യൂട്ടർവൽക്കരണം, നവീകരണം, പുന രുദ്ധാരണം എന്നിവ എം.ജി.പി. അനുസരിച്ചുള്ള പദ്ധതികളല്ല.

തീര സമൃദ്ധി പദ്ധതി

5 [*558] ശ്രീ. റോഷി അഗസ്റ്റിൻ:
„ കെ. നാരായണക്കുറുപ്പ്:
„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിനായി "തീര സമൃദ്ധി" പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) തീര സമൃദ്ധി പദ്ധതി ഏതൊക്കെ ജില്ലയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) "തീര സമൃദ്ധി" പദ്ധതി ഫിഷറീസ് വകുപ്പ് ഈ കൊല്ലം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഗൃഹശുചീകരണം, പരിസര ശുചീകരണം, സാമൂഹ്യ സഹകരണത്തോടെയുള്ള ശുദ്ധജലവിതരണം, മത്സ്യത്തൊഴിലാളി ഭവനവായ്പയുടെ നവീകരണം എന്നിവയ്ക്കായി 18.75 കോടി രൂപയുടെ പദ്ധതി ഇപ്പോൾ വിവിധ ഘട്ടങ്ങളിൽ പൂർത്തിയായി വരുന്നു. കേന്ദ്ര സർക്കാറിന്റെ പ്രത്യേക സഹായത്തോടെയാണ് (Additional Central assistance) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. 15 കോടി രൂപ സർക്കാർ വിഹിതവും 3.75 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പെടെ ഗുണഭോക്തൃ വിഹിതവുമാണ്.

(സി) തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി "തീര സമൃദ്ധി" പദ്ധതി അനുസരിച്ച് സാമൂഹ്യ സഹകരണത്തോടെ മിനി ജലവിതരണ പദ്ധതി നടപ്പിലാക്കി വരുന്നു. കുഴൽകിണർ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ 5 സെന്റ് സ്ഥലം സ്വന്തം ചെലവിൽ കണ്ടെത്തണം. യൂണിറ്റ് ഒന്നിന് 25 ലക്ഷം രൂപയാണ് ചെലവ്. 5 ലക്ഷം രൂപ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതമാണ്. ഇതിൽ നിന്നും 50,000 രൂപ 5 സെന്റ് സ്ഥലം കണ്ടെത്തുന്നതിനും 4.5 ലക്ഷം രൂപ നിർമ്മാണ ചെലവിനുമാണ്. ബാക്കി 20 ലക്ഷം രൂപ ഫിഷറീസ് വകുപ്പ് വഹിക്കും.

(ഡി) തീരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പാക്കി വരുന്നത്.

(ഇ) 2002-03 വർഷത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ചില ജില്ലകളിൽ ചെറിയ ചില ഘടകങ്ങൾ പൂർത്തിയാക്കാനുണ്ട്.

പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് നിരോധനം

6 [*559] ശ്രീ. ടി. കെ. ബാലൻ:
,, മഞ്ഞളാംകുഴി അലി:
,, ടി. പി. രാമകൃഷ്ണൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനും പവർ അലോക്കേഷനും സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; നിരോധനം ഏർപ്പെടുത്തുന്നതിനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;

(സി) വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് നിരോധനം ബാധകമാണോ;

(ഡി) നിരോധനം എന്നത്തേയ്ക്ക് പിൻവലിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം വൈദ്യുതി നൽകുവാനുള്ള സ്ഥാപിതശേഷി സംസ്ഥാനത്ത് ഉണ്ടായിട്ടും അത് പൂർണ്ണമായും പ്രയോജനപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ—ഡി) നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly